വിദ്യാഭ്യാസവകുപ്പുമന്ത്രി (ശ്രീ. ജോസഫ് മുണ്ടശ്ശേരി) :

(എ) 2,294.

(ബി) 1957-58-ൽ 3,95,408 രൂപ.
1958-59-ൽ 2,75,375 രൂപ.

(സി) 2,264.

(ഡി) ഇല്ല. അംഗീകൃതനിബന്ധനകൾ അനുസരിക്കാതെയിരിക്കുന്നതു കൊണ്ട് ചില ഗ്രന്ഥശാലകൾക്കു ഗ്രാൻറ് കൊടുത്തിട്ടില്ല.

ലൈബ്രറിബോർഡ് അംഗങ്ങളുടെ രാജി.

* 1316. [48] ശ്രീ. സി. എ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്കു വിദ്യാഭ്യാസവകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ ;

(എ) 6-4-1959-ൽ ശ്രീ. കെ. ദാമോദരൻറെ അദ്ധ്യക്ഷതയിൽ, എറണാകുളത്തുവച്ചു കൂടിയ "ഗ്രന്ഥശാലാസംഘം ഭരണസമിതി" ഗ്രന്ഥശാലാ സംഘത്തിൻറെ പ്രതിനിധികളായിട്ടുള്ള "ലൈബ്രറി ബോഡ്" അംഗങ്ങൾ രാജിവയ്ക്കുവാൻ നിശ്ചയം പാസ്സാക്കിയിട്ടുള്ളതു് സർക്കാരിൻറെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ, ഗ്രന്ഥശാലാസംഘം ഭരണസമിതി ഇപ്രകാരം ഒരു തീരുമാനത്തിലെത്താൻ ഇടയായ സാഹചര്യങ്ങളെപ്പറ്റി അന്വേഷിക്കുകയുണ്ടായോ ;

വിദ്യാഭ്യാസവകുപ്പുമന്ത്രി (ശ്രീ. ജോസഫ് മുണ്ടശ്ശേരി) :

(എ) രാജിവച്ചില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. പി. ആർ. ഫ്രാൻസിസ് : ഗ്രന്ഥശാലാസംഘത്തിൻറെ പ്രമേയം ഗവണ്മെൻറിൻറെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി : പ്രമേയം ഗവണ്മെൻറിനു കിട്ടിയിട്ടില്ല.

ശ്രീ. പി. ആർ. ഫ്രാൻസിസ് : ഗ്രന്ഥശാലാസംഘം പ്രതിനിധികൾ രാജിവച്ചിരിക്കുന്നതായ പത്രപ്രസ്താവന ഗവണ്മെൻറിൻറെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി : ഗവണ്മെൻറിൻറെ ശ്രദ്ധയിൽ പെട്ടിട്ടില്ല.

ശ്രീ പി. ആർ. ഫ്രാൻസിസ് : ഗ്രന്ഥശാലാ സംഘാംഗങ്ങൾ രാജിവച്ചതെന്തുകൊണ്ടാണെന്നു കാരണംവച്ചുകൊണ്ട് ഗവണ്മെൻറിൻറെ ഒരു പ്രസ്സ്നോട്ട് അതിനെ നിഷേധിച്ചുകൊണ്ട് ഇറക്കിട്ടുണ്ടോ ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി : അവർ രാജിവച്ചിട്ടുവേണ്ടേ അതിനുള്ള കാരണങ്ങൾ ഗവണ്മെൻറ് നിഷേധിക്കുവാൻ.

ശ്രീ. പി. ആർ. ഫ്രാൻസിസ് : ഗ്രാൻറ് കൊടുക്കുന്ന വ്യത്യസ്ത നയത്തെ സംബന്ധിച്ച് അവർ രാജിവയ്ക്കുകയും, അവർ ഒരു പ്രസ്താവനപുറപ്പെടുവിയ്ക്കുകയും ചെയ്തതിൽപ്പിന്നെ ഗ്രന്ഥശാലാസംഘത്തോടു് അങ്ങനെ പ്രത്യേകമായ ഒരു നയം സ്വീകരിക്കുകയുണ്ടായില്ലെന്നു് ഗവണ്മെൻറ് പ്രസ്സ്നോട്ടിറക്കിയിട്ടില്ലേ ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി : ഗവണ്മെൻറിനു് അങ്ങനെ ഒരു പ്രസ്താവന ഗ്രന്ഥശാലാസംഘത്തിൽ നിന്നും ഉന്നയിച്ചു കിട്ടിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ഭാർഗ്ഗവൻ : ഇന്നതെന്ന ഗ്രാൻറുവിതരണരീതിയെസംബന്ധിച്ചു വല്ല പ്രമേയവും തന്നിട്ടുണ്ടോ ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി : തന്നിട്ടില്ല.

ശ്രീ. കെ. ഭാർഗ്ഗവൻ : രേഖാമൂലമല്ലാതെ നേരിട്ട് സംസാരിച്ചിട്ടുണ്ടോ ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി : ഇല്ല.

ശ്രീ. കെ. ഭാർഗ്ഗവൻ : ഇതിനെ പ്രതിഷേധിച്ച് മന്ത്രിയുടെ അടുത്തും പെറ്റീഷനായിട്ട് വല്ലതും തന്നിട്ടുള്ളതായി സ്വീകരിച്ചിട്ടുണ്ടോ ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി: യാതൊരു നിവേദനവും ലഭിച്ചിട്ടില്ല. പെറ്റീഷനും തന്നിട്ടില്ല.

ശ്രീ. സി. എ. മാത്യു : ലൈബ്രറി ബോർഡു രാജിവച്ചതായി സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി : രാജിവച്ചിട്ടില്ല എന്നു മറുപടി കിട്ടി.

ശ്രീ. പി. ആർ. ഫ്രാൻസിസ് : 10-4-59-ൽ ഗവണ്മെൻറ് ഒരു പ്രസ്സ് നോട്ട് ഇറക്കിട്ടുണ്ട്. നിശ്ചയം പാസ്സാക്കിയതിന്റെ കാരണം അടിസ്ഥാനരഹിതമാണ് എന്നു കാണിച്ചുകൊണ്ട് ഗവണ്മെൻറിന്റെ നില ഇന്നതാണെന്നും 10-4-59-ൽ പ്രസ്സ് നോട്ടിറക്കിയതിനുശേഷവും ഈ കാര്യം ഗവണ്മെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടില്ല എന്നു പറയുന്നതു ശരിയാണോ ?

മി. സ്പീക്കർ : ആ യോഗത്തിൽ ഒരു റസല്യൂഷനോ മറ്റോ പാസ്സാക്കി ഗവണ്മെൻറിൽ വന്നിട്ടുള്ളതിനു മറുപടി പറയുകയും ചെയ്തു. അതുതന്നെ മറുപടിയിൽ ശ്രദ്ധയിൽപെട്ട എന്നു സമ്മതിക്കുകയും അതിനെ അടിസ്ഥാനമാക്കി പ്രസ്സ് നോട്ടിറക്കുകയുമാണ് ചെയ്തിട്ടുള്ളത്.

ശ്രീ. പി. ആർ. ഫ്രാൻസിസ് : വളരെ നല്ലനിലയിൽ പ്രവർത്തിക്കുന്ന ഗ്രന്ഥശാലകൾക്കും ഗ്രാൻറു കൊടുത്തിട്ടില്ല എന്നു കാര്യം ഗവണ്മെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി : അങ്ങനെ ഒരു കാര്യവും ഗവണ്മെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടില്ല. അതിൽ ഗ്രന്ഥശാലാസംഘമല്ലാ ഗ്രാൻറു ശുപാർശ ചെയ്യുന്ന ഏജൻസി. ലൈബ്രറി ബോർഡിന്റെ തീരുമാനം ഗവണ്മെൻറംഗീകരിച്ച് ഗ്രാൻറു കൊടുക്കുകയാണ്. അവർ വല്ല സാങ്കേതിക തടസ്സവും പുണ്ടിക്കാണിച്ചിട്ടുണ്ടെങ്കിൽ ഗവണ്മെൻറംഗീകരിക്കയില്ല.

ശ്രീ. പി. ആർ. ഫ്രാൻസിസ് : കഴിഞ്ഞവർഷം 600-ൽപ്പരം ഗ്രന്ഥശാലകൾക്കു ഗ്രാൻറു കൊടുത്തിട്ടില്ലെന്നറിയാമോ ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി : ലൈബ്രറി ബോർഡു ശുപാർശ ചെയ്ത് ഗവണ്മെൻറിലേക്കു അയച്ചിട്ടുള്ള എല്ലാ ഗ്രന്ഥശാലകൾക്കും ഗ്രാൻറു കൊടുത്തിട്ടുണ്ട്.

ശ്രീ. പി. ഗോവിന്ദപ്പിള്ള : സാങ്കേതികമായ വല്ല തടസ്സങ്ങളും, അതായതു് പ്രത്യേകപുസ്തകങ്ങൾ വാങ്ങിച്ചില്ല, സമയം സംബന്ധിച്ചു പോയി എന്നു പറഞ്ഞു് ഗ്രാൻറു കൊടുക്കാതിരുന്നിട്ടുള്ള ലൈബ്രറികൾക്ക് ഈ വർഷമെങ്കിലും ആ കുറവു വരാതിരിക്കാൻവേണ്ടി നേരത്തെ ഗ്രാൻറു കൊടുക്കുമോ ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി : അതാലോചിക്കുന്നുണ്ട്. അതേക്കുറിച്ചു് നടപടി എടുത്തിട്ടുണ്ട്.

ശ്രീ. സി. എ. മാത്യു : കഴിഞ്ഞതവണയും ഗ്രാൻറു കൊടുത്തിട്ടു് രണ്ടുമാസത്തിനകം പുസ്തകം വാങ്ങിയിട്ടില്ല എന്നുള്ള സാങ്കേതിക കാരണം വച്ചുകൊണ്ടു് ആ കൊല്ലം ഗ്രാൻറു കൊടുക്കുന്നതിൽ ശുപാർശ ചെയ്തവരുടെ [illegible]

LIBRARY ARCHIVES Kerala Legislative Assembly

ഗ്രന്ഥശാലകൾക്ക് ഗ്രാൻറ് നൽകിട്ടില്ല. ഈ കൊല്ലമെങ്കിലും അങ്ങനെയുള്ള സാങ്കേതിക കാരണങ്ങൾപറഞ്ഞ് ഗ്രാൻറ് കൊടുക്കാതെയിരിക്കാതെ ഉടനെ കൊടുക്കുവാൻ സർക്കാരിനെ ശ്രദ്ധിക്കുമോ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി: ലൈബ്രറിബോർഡ് ശുപാർശ ചെയ്തിട്ടുള്ള അത്രമാത്രമേ ലൈബ്രറികൾക്ക് ഗ്രാൻറ് കൊടുത്തിട്ടുണ്ട്.

ശ്രീ. കെ. ഭാർഗ്ഗവൻ: ലൈബ്രറികൾക്ക് ഗ്രാൻറ് കൊടുക്കുന്ന രീതിയിൽ മാറ്റം വരുത്തിട്ടുണ്ടോ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി: ഗ്രന്ഥശാലാസംഘം വഴി കൊടുത്തുവന്നിരുന്ന ഗ്രാൻറ്റ്-ഇൻ-എയ്ഡ് തീർത്തിട്ടുണ്ട്. അതാതു ജില്ലകളിലുള്ള ഡിസ്ട്രിക്റ്റ് എഡ്യൂക്കേഷണൽ ആഫീസർമാർ ബിൽ കൗണ്ടർസൈൻ ചെയ്തുകൊടുക്കണമെന്നാണ് ഇപ്പോഴത്തെ നിശ്ചയം.

ശ്രീ. കെ. ഭാർഗ്ഗവൻ: ഈ മാറ്റം വരുത്താൻ കാരണമെന്താണ്?

ശ്രീ. ജോസഫ് മുണ്ടശ്ശേരി: ചില പിശകുകൾ കണ്ടതുകൊണ്ടാണ്.

ശ്രീ. ആർ. ജനാർദ്ദനൻനായർ: ഗ്രന്ഥശാലാസംഘത്തിനെ ലൈബ്രറികൾക്ക് ഈ ബോർഡിനോട് നേരിട്ട് അപേക്ഷിക്കാം എന്ന് അറിയിച്ചിട്ടുണ്ടോ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി: അങ്ങനെ ലൈബ്രറിബോർഡിൻറെ ശുപാർശ അനുസരിച്ച് ഗ്രാൻറ് കൊടുത്തിട്ടുണ്ട്.

ഹരിജൻ അസെസറിക്കമ്മിറ്റി.

* 1317. [37] ശ്രീ. കെ. ഈച്ചരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ

(എ) ഡിസ്ട്രിക്റ്റ് ഹരിജൻ അസെസറിക്കമ്മിറ്റി മെമ്പന്മാരുടെ കാലാവധി എത്ര കൊല്ലത്തേയ്ക്കാണ്;

(ബി) ഈ കമ്മിറ്റികൾ പുതുതായി എന്നേയ്ക്ക് നിശ്ചയിക്കും;

(സി) പുതിയ കമ്മിറ്റിമെമ്പർമാരെ നോമിനേറ്റ് ചെയ്യുമ്പോൾ മുമ്പു മെമ്പർമാരായിരുന്ന ലോക്കൽ മെമ്പർമാരെ എടുക്കാതെയിരിക്കാൻ ശ്രദ്ധിക്കുമോ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. പി. കെ. ചാത്തൻ):

(എ) കാലാവധി ഇത്ര കൊല്ലത്തേയ്ക്കെന്ന് നിശ്ചയിച്ചിട്ടില്ല.

(ബി) നിശ്ചയിച്ചിട്ടില്ല.

(സി) അപ്രകാരം ചെയ്യുന്നതു ശരിയാണെന്നു തോന്നുന്നില്ല.

ശ്രീ. ടി. കൃഷ്ണൻ: ഈ ഡിസ്ട്രിക്റ്റ് അസെസറിക്കമ്മിറ്റിയുടേയും, ഡിസ്ട്രിക്റ്റ് ഹരിജൻ വെൽഫെയർ ആഫീസറുടേയും ശുപാർശ അനുസരിച്ച് ഹരിജനസംഘടനകൾക്ക് ഗ്രാൻറ് കൊടുക്കുകയും, മറ്റു സഹായങ്ങൾ ചെയ്യുകയും ചെയ്യാറുണ്ടോ?

ശ്രീ. പി. കെ. ചാത്തൻ: അതു വേറെ ചോദ്യമായി ചോദിച്ചാൽ പറയാം.

LIBRARY ARCHIVES Kerala Legislative Assembly